## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2276** — **09/03/2018-ന് മറുപടിയ്ക്ക്**

## പിന്നോക്കവിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി | | മറുപടി<br>എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|
| (എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) സർക്കാർ സർവ്വീസിലെ രണ്ടാം ഗസറ്റഡ് തസ്തികകളിലും അതിനു മുകളിലും പിന്നോക്കക്കാരുടെ പ്രാതിനിധ്യക്കുറവ് എത്രത്തോളമാണെന്ന് പ്രസ്തുത കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;<br>(സി) പ്രസ്തുത കുറവുകൾ പരിഹരിക്കുന്നതിന് ചർച്ചകളും മറ്റ് തുടർനടപടികളും സ്വീകരിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളെന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും (സി) യും | ഉണ്ട്, സർക്കാർ സർവ്വീസിലും, പൊതുമേഖല സ്ഥാപനങ്ങളിലും, സ്വയം ഭരണസ്ഥാപനങ്ങളിലും, സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.02.2006 ലെ സ.ഉ(പി) നമ്പർ 8/06/പജപവവിവ പ്രകാരം തുടർനടപടികൾ സ്വീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു).<br>സ.ഉ.(എം.എസ്) നമ്പർ 107/2008/H.Edn. തീയതി 04/08/2008 പ്രകാരം ഉന്നത വിദ്യാഭ്യാസത്തിന് പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു). |
| (ഡി) 01.02.2001-ലെ G.O(P) No.8/2001 പ:ജാതി/പ.വ.ഗ -നമ്പർ ഉത്തരവ് പ്രകാരം എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ? | | ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത് 09.11.01 ൽ ആണ്. അതിന് മുൻപ് ഈ വിഷയം സംബന്ധിച്ച് 01.02.2001 ൽ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചതായി കാണുന്നില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

അനുബന്ധം-I

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ.(പി) 6/06/പജപവവി. തീയതി തിരുവനന്തപുരം, 2006 ഫെബ്രുവരി, 2

സംഗ്രഹം:- പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് — സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്ന് പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 11-02-2000 - ലെ എസ്. ആർ. ഒ. നമ്പർ 186/2000-ാം നമ്പർ സർക്കാർ വിജ്ഞാപനം.

2. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ 09-11-2001 ൽ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ട്.

## ഉത്തരവ്

1. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്നുള്ള നടപടികളെക്കുറിച്ച് വിശദമായ പഠനങ്ങളും കൂടുതൽ ചർച്ചകളും അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. അതിലേയ്ക്കാവശ്യമായ നടപടികൾ സർക്കാർ എടുക്കുന്നതാണ്. എന്നാൽ ഭാവിയിൽ ആർക്കും അവസരങ്ങൾ നഷ്ടപ്പെടില്ലെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുന്നതാണ്.

2. പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ചു നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചു ഉത്തരവാകുന്നു.

3. പിന്നോക്ക വിഭാഗങ്ങളുടെ സംവരണ ശതമാനം പൂർണ്ണമായും ഓരോ വിഭാഗത്തിനും തുടർന്ന് ലഭിക്കും എന്ന് ഉറപ്പു വരുത്തുന്നതാണ്. ഇനിമുതൽ നിയമനങ്ങളിൽ സംവരണ സമുദായങ്ങൾക്കുള്ള നിലവിലുള്ള നിശ്ചിത ശതമാനം ഉദ്യോഗാർത്ഥികൾ ഒരു റാങ്കു ലിസ്റ്റിൽ ഇല്ലാതെ വന്നാൽ ആ അവസരം പ്രസ്തുത സമുദായത്തിന് നഷ്ടപ്പെടാതിരിക്കുവാൻ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കും.

4. നിലവിൽ ഒരു പിന്നോക്ക സമുദായത്തിന്റെ ടേൺ ആ വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ തൊട്ടടുത്ത സമുദായത്തിനോ അല്ലെങ്കിൽ മെറിറ്റു ക്വാട്ടയിലേക്കോ മാറ്റുന്നത് തുടരാതിരിക്കാൻ ഏതെങ്കിലും പിന്നോക്ക സമുദായക്കാരുടെ ടേൺ അവരുടെ അഭാവത്തിൽ വേക്കന്റായി ഒഴിച്ചിടേണ്ടതാണ്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ-15(a) താഴെ പറയും പ്രകാരം ഇതിനായി ഭേദഗതി ചെയ്യുന്നതാണ്.

5. '15 (a). The Integrated cycle combining the rotation in clause (c) of Rule 14 and sub-rotation in sub-rule (2) of Rule-17 shall be as specified in the annexure to this part. Notwithstanding anything contained in these rules or in the special rules or in any other rules, if a suitable candidate is not available for selection from any particular community or group of communities specified in the annexure, such vacancy shall be kept unfilled, notified separately as unfilled vacancy for that community or group of communities for that year and shall be filled by direct recruitment from among that community or group of communities.

6. If a suitable candidate is not available for selection from the group of communities classified as 'Scheduled Castes' in the turn allotted for such a group in the annexure that said group shall be passed over and the post shall be filled up by a suitable candidate from the group of communities classified as 'Scheduled Tribes' and *vice-versa* (ഇത്രയും ഇപ്പോൾ നിലവിലുള്ളതാണ്. ഇതിനുശേഷമുള്ള ഭാഗത്തിന് പ്രസക്തിയില്ലാത്തതുകൊണ്ട് നീക്കം ചെയ്യുന്നു.)

7. ഉപചട്ടം 'സി' ക്കും അതിനുള്ള ക്ലിപ്ത നിബന്ധനകൾക്കും പ്രസക്തി നഷ്ടപ്പെട്ടതിനാൽ അവ നീക്കം ചെയ്യേണ്ടതാണ്.

8. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 14 നുള്ള ഭേദഗതി:—

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 14 ന്റെ അവസാന ഭാഗത്ത് 14 (e) ആയി താഴെ പറയും പ്രകാരമുള്ള ഒരു ക്ലിപ്ത നിബന്ധനകൂടി ചേർക്കേണ്ടതാണ്.

Provided further that the Public Service Commission shall publish an appointment chart showing separately the candidates eligible to be selected on open competition basis and candidates eligible to be selected on reservation turns

(സംവരണ നിയമനങ്ങളെക്കുറിച്ച് സുതാര്യത ഉണ്ടാകുവാൻ വേണ്ടിയാണ് ഈ പുതിയ sub clause)

Chandrika Paul

9. ഒരു റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുള്ള കാലയളവ് ഒരു സെലക്ഷൻ ഇയറായി കണക്കാക്കുന്നതാണ്, ഇതിലേക്കാവശ്യമായ നിയമാനുസൃതമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

10. പി. എസ്. സി. തയ്യാറാക്കുന്ന എല്ലാ റാങ്കു ലിസ്റ്റുകളിലും സംവരണ സമുദായങ്ങൾക്കുള്ള സപ്ലിമെന്ററി ലിസ്റ്റുകളിൽ മതിയായ എണ്ണത്തിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്താൻ ആവശ്യമായ നിർദ്ദേശം പി. എസ്. സിക്ക് നൽകും. അപേക്ഷകരിൽ നിശ്ചിത യോഗ്യതയുള്ളവർ ഉള്ള പക്ഷം ഒരു റാങ്കു ലിസ്റ്റിലും സംവരണ സമുദായ അംഗങ്ങൾ റാങ്കു ലിസ്റ്റിൽ ഇല്ലാതെ വരുന്ന സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ റൂൾ ഭേദഗതി വരുത്തുന്നതാണ്. അതായത്, ആവശ്യത്തിന് യോഗ്യതയുള്ളവർ ഉണ്ടെങ്കിൽ അഞ്ചിരട്ടിവരെ പേരെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തും.

11. പൊതുമേഖലാസ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനാധികാരം പി. എസ്. സിക്കു വിടാൻ നടപടി സ്വീകരിക്കും.

12. ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും അംഗങ്ങളായി ഒ. ബി. സി. സംവരണം പൂർണ്ണമായും പാലിക്കുന്നത് ഉറപ്പുവരുത്തുവാൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളതുപോലെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതതല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

13. ഭാവിയിലെ എല്ലാ താൽക്കാലിക നിയമനങ്ങളും സംവരണതത്വം പാലിച്ചുകൊണ്ടു മാത്രമേ ചെയ്യുകയുള്ളുവെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുന്നതാണ്.

14. ജനസംഖ്യയും സാമൂഹ്യ പിന്നോക്കാവസ്ഥയും നിലവിലുള്ള സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യവും പരിഗണിച്ച് സംവരണം പുനർനിർണ്ണയം ചെയ്യാൻ ഇന്ദിരാ സാഹ്നി കേസിലെ സുപ്രീം കോടതി വിധിയുടെ നിർദ്ദേശം അനുസരിച്ച് സ്ഥിരം കമ്മീഷനെ നിയമിക്കുന്നതാണ്.

15. മുകളിൽ സ്വീകരിക്കുന്ന നടപടികൾ മുഖേന സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ ക്വാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭ്യമാകുമെന്ന് സർക്കാർ ഉറപ്പുവരുത്തുന്നു. പിന്നോക്ക സമുദായ അംഗങ്ങൾക്ക് ഇന്നുവരെ ഉണ്ടായിട്ടുള്ള സംവരണ കുറവുകൾ പരിഹരിക്കുന്നതിനുള്ള ചർച്ചകളും മറ്റ് നടപടികളും സർക്കാർ തുടരുന്നതാണ്.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുന്നു.

ഗവൺമെന്റ് കോളേജുകളിലെ 'Degree—Post Graduate' ക്ലാസ്സുകളിലെ പ്രവേശനത്തിന് പിന്നോക്ക സമുദായങ്ങൾക്ക് 20% സീറ്റ് സംവരണം ചെയ്യുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങൾക്കു നിലവിലുള്ള 20% സംവരണം തുടരും. മുന്നോക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 10% സീറ്റ് നീക്കിവയ്ക്കുന്നതുമാണ്, 50% സീറ്റ് മെരിറ്റ് സീറ്റായി നിലനിൽക്കുന്നതാണ്. എന്നാൽ സ്വകാര്യ കോളേജുകളിലെ അഡ്മിഷൻ **Direct payment agreement** പ്രകാരമായിരിക്കും നടക്കുന്നത്.

ഈ ഉത്തരവിലെ ബന്ധപ്പെട്ട ഖണ്ഡികകളിൽ അതാതു വകുപ്പുകൾ തുടർനടപടികൾ കൈക്കൊള്ളുന്നതും ആവശ്യമായ പക്ഷം സർക്കാർ ഉത്തരവുകളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മുഹമ്മദ് റിയാസുദ്ദീൻ,
ചീഫ് സെക്രട്ടറി.

Chandrika Paul
സെക്ഷൻ ഓഫീസർ

ᴥ Malayalam handwritten annotation removed



14

**HIGHER EDUCATION (B) DEPARTMENT**

**G.O.(Ms.) 107/2008/H.Edn. Dated, Thiruvananthapuram, 30th August, 200**

***Abstract.***- Higher Education — Universities — Reservation for admission to Po Graduate and Degree Courses in Government Colleges & Universi Departments — Norms refixed — Orders Issued.

Read:— 1. G.O.(P)8/2006/SCSTDD. dated 02-02-2006. †

2. G.O.(Ms.)37/2006/H.Edn. dated 27-02-2006. ‡

3. Letter No.14621/B1/06/H.Edn. dated 04-08-2006.

4. G.O.(Ms.)104/2007/H.Edn. dated 24-07-2007.¶

5. Government Letter No. 24482/B1/08/H.Edn. dated 16-07-2008.

**ORDER**

As per Government Order read as 2nd paper above 20% reservation was introduced for the students belonging to Backward Classes in Degree and Post Graduate Courses in Government Colleges based on the findings of the Narendran Commission Report. The above said Government Order was kept in abeyance as per the letter read as 3rd paper above in view of the finding that total reservation exceeds 50% which is against the order of the Supreme Court.

As per the Government Order read as 4th paper above 3% reservation for Physically Handicapped Students was incorporated in the community based reservation in order to overcome the difficulty of total reservation exceeding 50% This Government Order could not be implemented since admission process has already started. Government issued instructions not to implement the reservation in Degree and Post Graduate Courses until further orders and to maintain status quo vide letter read as 5th paper above.

In the circumstances Government have seriously considered the mater in extending the reservation to Backward Classes in this Academic Year itself. It is observed that the number of seats in Colleges and University Departments have to be enhanced to provide reservation to Backward Classes as per existing rules of reservation since classes for this Academic Year have already commenced.

Government have examined the matter in detail and are pleased to order the following.

(1) 20% of the total seats existing in Government Colleges and University Teaching Departments will be enhanced and allotted to the communities belonging to Backward Classes. The percentage of reservation will be as follows.

† G.O.(P)8/2006/SCSTDD. dated 02-02-2006 see on page 71.

‡ G.O.(Ms.)37/2006/H.Edn. dated 27-02-2006 see on page 74.

¶ G.O.(Ms.)104/2007/H.Edn. dated 24-07-2007 see on page 76.

| | | |
|---|---|---|
| Ezhava | — | 8% |
| Muslim | — | 7% |
| L.C./S.I.U.C | — | 1% |
| OBC Christian | — | 1% |
| OBC Hindu | — | 3% |

(2) Thiyya and Billava will be considered as Ezhava Community for the Reservation.

(3) Ezhava Community is excluded from the reservation to OBC Hindu Category. Since separate reservation has been provided to that Community.

(4) For Backward Classes Annual Family Income will be below Rs.2.5 lakhs for getting the benefit of reservation.

**(5) The B.P.L. Certificate issued by the Village Officer will be considered as the Certificate of Economic Backwardness.**

**(6) 3% of the total seats will be set apart exclusively for Physically Handicapped candidates. The remaining seats will be considered as one single unit for providing reservation mentioned in this Government Order.**

(7) The Financial Assistance now provided to Muslim and Nadar girls will be extended to the girls from Other Backward Communities also.

(8) The enhancement of additional seats in Government Colleges and University Departments will not incur any additional financial commitment to Government.

(9) The Government Orders cited 2nd and 4th and Government letters read above will stand cancelled.

By Order of the Governor,

**KURUVILLA JOHN,**

Principal Secretary to Government.

**15**

**ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ. (കൈ)108/2008/ഉ. വി. വ.** **തീയതി, തിരുവനന്തപുരം, 2008 സെപ്റ്റംബർ, 4.**

*സംഗ്രഹം.-* വിദ്യാഭ്യാസ വകുപ്പ് — സർക്കാർ കോളേജുകളിലും സർവ്വകലാശാലാ ഡിപ്പാർട്ടുമെന്റുകളിലും ഡിഗ്രി, പി. ജി. കോഴ്സുകളിലേക്കുള്ള പ്രവേശനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് 2008-09 അധ്യയന വർഷം മുതൽ പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.



Chandrika Paul
ചന്ദ്രിക പോൾ